ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലെപ്പ്മെന്റ്
പ്രജോ ടവേഴ്സ്, വഴുതക്കാട്
തിരുവനന്തപുരം - 14

നമ്പർ.ഇഎ1/7107/2001/എച്ച്.ആർ.ഡി തീയതി, 11.03.2020

# പരിപത്രം

**വിഷയം :-** ഐ. എച്ച്. ആർ. ഡി.- വിദ്യാഭ്യാസ സ്ഥാപനങ്ങൾ - കൊറോണ വൈറസ് - വിദ്യാലയങ്ങൾക്ക് അവധി നൽകുന്നത് - സംബന്ധിച്ച്.

**സൂചന :-** കൊറോണ വൈറസ് ബാധയുടെ പശ്ചാത്തലത്തിലെ സർക്കാർ നിർദ്ദേശങ്ങൾ

കേരളത്തിലെ എല്ലാ ജില്ലകളിലും കൊറോണ വൈറസ് (കോവിഡ്-19) ഭീതി, നേരിടുന്ന സാഹചര്യത്തിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ 31.03.2020 വരെ അടച്ചിടുവാൻ സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ച് ഐ.എച്ച്.ആർ.ഡി.യിലെ റീജിണൽ സെന്റർ, എക്സ്റ്റൻഷൻ സെന്റർ, സ്റ്റഡി സെന്റർ, മോഡൽ ഫിനിഷിംഗ് സ്കൂളുകൾ എന്നിവ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും 31.03.2020 വരെ അടച്ചിടുവാൻ ഇതിനാൽ കർശന നിർദ്ദേശം നൽകുന്നു. യൂണിവേഴ്സിറ്റി, ബോർഡ് പരീക്ഷകളിൽ സർക്കാർ മാറ്റം വരുത്താത്ത സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും നൽകുവാൻ അദ്ധ്യാപകരും അനദ്ധ്യാപകരും സധാ സന്നദ്ധരായിരിക്കണം എന്നും നിർദ്ദേശിക്കുന്നു.

മാർച്ച് 31 വരെയുള്ള കാലയളവിൽ ആധുനിക സാങ്കേതിക വിദ്യകൾ പരാമവധി ഉപയോഗപ്പെടുത്തി കുട്ടികൾക്ക് ക്ലാസ്സുകൾ നഷ്ടം വരാത്ത വിധം അദ്ധ്യാപകർ ശേഷിക്കുന്ന പാഠഭാഗങ്ങൾ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഐ.എച്ച്.ആർ.ഡി.യുടെ റീജിണൽ സെന്റർ മോഡൽ ഫിനിഷിംഗ് സ്കൂളുകൾ മുഖേന മറ്റ് സ്ഥാപനങ്ങളിൽ നടത്തുന്ന ദീർഘകാല ഹ്രസ്വകാല കോഴ്സുകൾക്കും മേൽപ്പറഞ്ഞ നിബന്ധനകൾ ബാധകമായിരിക്കും. പ്രസ്തുത വിഷയത്തിൽ സർക്കാർ നിഷ്കർശിക്കുന്ന മറ്റ് മാനദണ്ഡങ്ങളും കൃത്യമായി പാലിക്കുവാൻ സ്ഥാപനമേധാവികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

ബയോമെട്രിക്ക് ഫിംഗർ പ്രിന്റ് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ 31.03.2020 വരെ ഹാജർ പുസ്തകം മുഖേന മാത്രം ഹാജർ രേഖപ്പെടുത്തേണ്ടതാണ്.

**ഒപ്പ്**
**ഡോ.പി.സുരേഷ് കുമാർ**
**ഡയറക്ടർ**

**പകർപ്പ് :-**

1. എല്ലാ സ്ഥാപനമേധാവികൾക്കും
2. അഡീഷണൽ ഡയറക്ടർ
3. ഡെപ്യൂട്ടി ഡയറക്ടർ
4. ഫിനാൻസ് ഓഫീസർ
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
6. എല്ലാ സെക്ഷൻ മേധാവികൾക്കും
7. സി.എ 1 & സി എ 2
8. കരുതൽ ഫയൽ
9. ഓഫീസ് പകർപ്പ

**അംഗീകാരത്തോടെ**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

*Re1.11.03.2020*